**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

12.06.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1600

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജോർജ് എം. തോമസ് :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | വ്യത്യസ്ത തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇതിനായി രൂപീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• 27,430 ൽ അധികം ജനസംഖ്യ<br>• 32 ച. കി. മീറ്ററിലധികം വിസ്തീർണ്ണം<br>• 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം<br>• ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ<br>• മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം<br>• ഒരു ഗ്രാമ പഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ |

| | | | |
|---|---|---|---|
| | | | കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന **(20 %** കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത.<br><br>ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>• ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം കുറഞ്ഞത് **4** ആയിരിക്കണം. ഇത്തരത്തിൽ തീരുമാനമെടുക്കുമ്പോൾ ഭരണപരമായ സൗകര്യവും ഭൂമിശാസ്ത്രപരമായ പരിമിതികളും പ്രത്യേകതകളും കൂടി പരിഗണിക്കേണ്ടതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**